**Volume 07**
**Issue 19**
**02 October, 2016**

Eliyasleeva moosakalam VII
Deut 10:12-20
Is 33:2- 10
1 Cor 14:26-33a
Mt 18:1-9



# EMMAUS VACHANADOOTH

## സ്വയം ചെറുതായി സ്വർഗ്ഗരാജ്യത്തിൽ വലിയവനാകുക



Rev Bro Manu Noorananickal

വെറും സാധാരണക്കാരൻ റെയിൽവേ സ്റ്റേഷനിൽ ആരെയോ കാത്തു നിൽക്കുകയായിരുന്നു. തിരക്കിനിടയിൽ ഒരു മഹതി വിളിച്ചു. ഹേയ്, എന്റെ പെട്ടിയൊന്ന് എത്തിക്കണേ. വിനയഭാവത്തോടെ ആ മനുഷ്യൻ പെട്ടിയും ചുമന്ന് സ്ത്രീയെ അനുഗമിച്ചു. പുറത്തെത്തിയപ്പോൾ സ്ത്രീ ചുമട്ടു കൂലി അയാൾക്കു നേരെ നീട്ടി. അയാൾ സന്തോഷത്തോടെ അത് വാങ്ങി പോക്കറ്റിലിട്ടു. പെട്ടെന്ന് ആ സ്ത്രീ ആ മനുഷ്യനെ തിരിച്ചറിഞ്ഞു. അവൾ ഞെട്ടിപ്പോയി. മനുഷ്യർക്കു മുഴുവൻ സുപരിചിതനായ മുഖം. നരച്ച താടി. അയഞ്ഞ ഉടുപ്പ്. പഴകിയ തോൽ വാർ, അല്പം മുൻപു വരെ തന്റെ പിന്നാലെ പെട്ടിയും ചുമന്ന് വന്നതും താൻ കൊടുത്ത കൂലി വാങ്ങിച്ചതും വിശ്വപ്രസിദ്ധനായ മനുഷ്യൻ സാഹിത്യക്കാരൻ ലിയോ ടോൾസ്റ്റോയിയായിരുന്നു.

യഥാർത്ഥ വലിയവൻ ചെറിയവനാകാൻ ഭയമില്ലാത്തവനാണ്. എങ്ങനെ ഏറ്റവും ചെറിയവനാകാം എന്നു പഠിപ്പിച്ചവനാണ് യേശു. ഈ ലോകത്ത് എങ്ങനെ വലിയവനാകാം എന്നും വ്യതപെടുന്നവനാണ് മനുഷ്യൻ. ഈ ലോകത്തിൽ വലിയവനാകണം എങ്കിൽ പല വഴികൾ ഉണ്ട്. എന്നാൽ സ്വർഗ്ഗരാജ്യത്തിൽ വലിയവനാകണമെങ്കിൽ ശിശുവിനെപോലെ സ്വയം ചെറുതാകണം എന്നാണ് ഈശോ പറഞ്ഞു തരുന്നത്.

എന്താണ് ശിശുക്കളെ പോലെ ആകുക എന്നതിനെക്കുറിച്ച് അർത്ഥമാക്കുക. വി. ജോൺ ക്രിസ്റ്റോസ്റ്റം വലിയ മനുഷ്യനെക്കുറിച്ച് ഇങ്ങനെ പറയുന്നു ഭൗമിക രാജ്യത്തിലെ സ്ഥാനമാനങ്ങൾക്കായി നമ്മുടെ മനുഷ്യനെ തിരിച്ചറിയണം. നമ്മുടെ ആരെയെക്കുറിച്ചാണ് നാം ആദ്യം മനസ്സിൽ ഓർക്കുക. സമ്പത്ത്, പ്രശ്സ്ഥി പാണ്ഡിത്യം ഭരണാധികാരം തുടങ്ങിയവയുള്ള മനുഷ്യരെ നാം വലിയവർ എന്നു കണക്കാക്കുന്നു. ശിശുസഹജാവബോധമാണ് ഈശോ വിഭാവനം ചെയ്ത വലിപ്പം എന്ന് നാം ചിന്തിക്കുകയോ ആ ആദർശം പുലർത്തുകയോ ചെയ്യുന്നില്ല.

ശിശുക്കളുടെ സവിശേഷതകൾ എന്തൊക്കെയാണ്?

1. ആർജ്ജവത്വം

2.ആശ്രയത്വം

3.സകലതും അതിശയത്തോടെ നോക്കുന്നു.

ആർജ്ജവത്വം

ഒരാൾ ഒരിക്കൽ ഡോക്ടർ യൂഹനോൻ മാർത്തോമാ മെത്രാപ്പോലീത്തായോട് ചോദിച്ചു. സന്തോഷമായും സമാധാനമായും ജീവിക്കുന്നതിന് ഒരു മനുഷ്യൻ എന്തു ചെയ്യണം. എന്തു ചെയ്യണമെന്നു ഞാൻ പറഞ്ഞുതരാം. മലയാളത്തിലാണെങ്കിൽ 2 വാക്കിൽ. ജീവിതം ലളിതമാക്കുക. ഇംഗ്ലീഷിലാണെങ്കിൽ 3 വാക്കിൽ. ടimplify Your Life. എന്നു പറഞ്ഞാൽ സിൽക്ക് ഷർട്ടും കസവുമുണ്ടും ഉപേക്ഷിച്ച് ഖദർ ധരിക്കുന്നതല്ല ഇത്. ലളിതമായി ജീവിക്കുന്ന കാര്യം. ജീവിതം ലളിതമായിട്ടുള്ളവരാണ് ശിശുക്കൾ. ആർജ്ജവത്വമുള്ള മനസാണ് അവരുടേത്. സങ്കീർണ്ണതകളില്ലാത്ത ജീവിതം അവരുടെ സവിശേഷതകളും. ഈ ലോകത്തിലെ എല്ലാവരുമായും പ്രേമ ബന്ധത്തിലാകാനും അവയെ തലോടാനുമുള്ള വലിയ ഹൃദയത്തിന്റെ ഉടമകളാണ് അവർ.

ആശ്രയത്വം.

ജാതി മത വർഗ്ഗ വിത്യാസം കൂടാതെ ആശ്രയിക്കാനും വിശ്വസിക്കാനും സാധിക്കുന്നവരാണ് ശിശുക്കൾ. ശിശുക്കൾ ദാസിയുടേയോ, ഭിക്ഷക്കാരുടെമക്കളോടൊപ്പം കളിക്കും. യുവത്വമാണ് വിവേചനം കാണിക്കുക ശിശുത്വമല്ല.

അതിശയത്തോടെ സകലതും നോക്കുന്നു.

ശിശുക്കൾക്ക് എല്ലാം പുതുമയാണ്. വിമാനം കാണുമ്പോഴും സംഗീതം കേൾക്കുമ്പോഴും കുട്ടി അത്ഭുതത്തോടെ നോക്കുന്നു. അവന് അഹങ്കാരമില്ല. ജീവിതത്തിന്റെ മധുരവശം അനുഭവിക്കുന്നവരാണ് അവർ.

ഈ ശിശുവിനെപോലെ സ്വയംചെറുതാകുക എന്നതാണ് ഈശോ ആവശ്യപ്പെടുക. മറ്റുള്ളവരെ ചെറുതാക്കിയാലും ഉള്ളിൽ അഹങ്കാരവും താൻ പോരിമയും നിറയുന്നു എങ്കിൽ ദൈവസന്നിധിയിൽ പ്രയോജനമില്ല. സഹോദരരെ അതിനാൽ തന്നെ സ്വയം പരിശ്രമിക്കുകയും സാധ്യമാക്കി തീർക്കുകയും ചെയ്ത കാര്യമാണ് ചെറുതാകുക എന്നത്. ഹംഗറിയിലെ രാജ കൊട്ടാരത്തിൽ നിന്ന് പന്നിക്കൂട്ടിൽ കഴിയാൻ ഇറങ്ങി തിരിക്കേണ്ടി വന്ന എലിസബത്തും യാചക വസ്ത്രത്തിൽ നിന്ന് ഭക്ഷണം ചോദിച്ചു വാങ്ങി തുന്നി ച്ചേർത്ത കുപ്പായമിട്ട് അസ്സീസ്സിയിലെ ഫ്രാൻസീസും മൊളോക്കോയിലെ കുഷ്ഠരോഗികളോടൊപ്പം കുഷ്ഠം ബാധിച്ച് അവരിലൊരുവനായി തീർന്ന ഡാമിയനും കൽക്കട്ടയിലെ ഓട വൃത്തിയാക്കിയുന്ന തോട്ടിപ്പണിചെയ്ത സ്ത്രികളുടെ വസ്ത്രം സഭാവസ്ത്രമായി സ്വീകരിച്ച മദർതെരേസായും സ്വയം ചെറുതാകുന്നവരുടെ പട്ടികയിൽ പെടുന്നവരും സ്വർഗ്ഗരാജ്യത്തിൽ വലിയവരായി മാറിയവരുമാണ്. അവർ ഒരിക്കലും തങ്ങളുടെ മഹത്വത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല.

ഈശോയെ സ്വയം ചെറുതായി സ്വർഗ്ഗരാജ്യത്തിൽ വലിയവനാകാനുള്ള കൃപ തരണമേയെന്ന് നമ്മുക്ക് ഈ വിശുദ്ധ ബലിയിൽ പ്രാർത്ഥിക്കാം.

നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.